## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4784 — 21.10.2011 ൽ മറുപടിയ്ക്ക്

### മൂലമറ്റം പവർഹൗസിലെ പൊട്ടിത്തെറി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മൂലമറ്റം പവ്വർ ഹൗസിലുണ്ടായ പൊട്ടിത്തെറിയെപ്പറ്റി കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ (ജനറേഷൻ), ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പ്, സ്പെഷ്യൽ ബ്രാഞ്ച്, ഇന്റലിജൻസ് എന്നീ അന്വേഷണ വിഭാഗങ്ങൾ അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവയുടെ അന്തിമ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; | (എ) മുതൽ (സി) വരെ: മൂലമറ്റം പവർ ഹൗസിലുണ്ടായ പൊട്ടിത്തെറിയെപ്പറ്റി അന്വേഷിച്ചതിൽ കെ.എസ്.ഇ.ബി നിയമിച്ച ഉന്നതതല കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് മാത്രമേ ലഭിച്ചിട്ടുള്ളൂ. മറ്റു റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. ബാഹ്യശക്തികൾ അന്വേഷണത്തെ സ്വാധീനിക്കാൻ ശ്രമിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) പൊട്ടിത്തെറിയുടെ കാരണം സംബന്ധിച്ച് ഓരോ വിഭാഗവും പരസ്പര വിരുദ്ധമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | |
| (സി) ഏതെങ്കിലും ബാഹ്യശക്തികൾ ഈ അന്വേഷണത്തെ സ്വാധീനിക്കാൻ ശ്രമിച്ചിട്ടുണ്ടോയെന്ന കാര്യം അന്വേഷണവിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ